

# സാമ്രാജ്യത്വത്തെ നേരിടൽ

അരുന്ധതിറോയ്

**സാമ്രാജ്യത്വത്തെ നേരിടുക എന്നതല്ല അതിനെ വളയുക എന്നതായിരിക്കട്ടെ നമ്മുടെ തന്ത്രം. അതിനെ നാട്ടുകടത്തുക, പരിഹസിക്കുക. നമ്മുടെ കല കൊണ്ട്, സംഗീതം കൊണ്ട്, സാഹിത്യം കൊണ്ട്, നമ്മുടെ ആഹ്ലാദം കൊണ്ട്, ബുദ്ധികൊണ്ട്, കഥകൾ പറയാനുള്ള നമ്മുടെ കഴിവ് കൊണ്ട് നാമതിനെ ചുറ്റിവളയുക.**

ഭീകരവാദത്തിനെതിരായുള്ള യുദ്ധമെന്നും പറഞ്ഞ് സ്യൂട്ട് ധരിച്ച മനുഷ്യർ കഠിന പ്രയത്നം നടത്തുന്നുണ്ട്. നമ്മുടെ മേൽ ബോംബ് വർഷിക്കുമ്പോൾ, മിസൈലുകൾ ആകാശത്തിനു കുറുകെ ചീറിപ്പായുമ്പോൾ നമുക്കറിയാം എണ്ണക്കുഴലുകൾ വിരിക്കപ്പെടുകയാണ്, പാറ്റന്റുകൾ രേഖയാക്കപ്പെടുകയാണ്, പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയാണ്, ജലം സ്വകാര്യവൽക്കരിക്കപ്പെടുകയാണ്, ബുഷും ഇറാക്കുമായുള്ള യുദ്ധത്തിന് പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

നമുക്കവരെ തടയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അവരുടെ മുഖംമൂടികൾ വലിച്ചെറിയാൻ കഴിയുന്നുണ്ട്. സ്വന്തം ജനങ്ങളെ തങ്ങളുടെ കൂടെ നിർത്താനാവാത്ത വിധം അവരുടെ വികൃതമുഖം തെളിഞ്ഞുവരുന്നുണ്ട്. അധികം വൈകാതെ അമേരിക്കയിലെ ഭൂരിഭാഗം ജനങ്ങളും നമ്മുടെ കൂടെയായിരിക്കും എന്നതാണവസ്ഥ. വാഷിങ്ടണിൽ കുറച്ച് ദിവസം മുമ്പ് കാൽ ക്കോടി ജനങ്ങളാണ് ഇറാക്കിനെതിരായുള്ള യുദ്ധം വേണ്ടെന്ന് പറയാൻ അണിനിരന്നത്. ഏകാധിപത്യത്തിൽ നിന്നും രാജ്യങ്ങളെ രക്ഷിക്കാനായി ജനങ്ങളെ കൊല്ലുന്ന അമേരിക്കയുടെ പഴയ കളിയെന്താണെന്ന് ലാറ്റിനമേരിക്കയിലെ ജനങ്ങൾക്ക് കൂട്ടതലറിയാം.

ക്രൂരനായ ഏകാധിപതിയും കൊലപാതകിയും ആണ് സദ്ദാം ഹുസൈൻ എന്നതിൽ സംശയമില്ല. എന്നാൽ സദ്ദാം ഹുസൈനേക്കാൾ അപകടകാരി ജോർജ്ജ് ബുഷ് ആണ്. ഇറാക്കിന് എതിരായ പുതിയ യുദ്ധം തുടങ്ങിക്കഴിഞ്ഞു എന്ന് പറയാം. ഇനി നമുക്കെന്താണ് ചെയ്യാൻ കഴിയുക? ജോർജ്ജ് ബുഷിന്റേയും ടോണി ബ്ലയറിന്റേയും കൂട്ടാളികളുടേയും ഭീകരതകൾ നമുക്ക് തുറന്ന്കാട്ടാവുന്നതാണ്. നിസ്സഹകരണ പ്രസ്ഥാനം പല രീതിയിൽ നമുക്ക് പ്രയോജനപ്പെടുത്താം. "നിങ്ങൾ ഒന്നുകിൽ ഞങ്ങളുടെ ഭാഗത്ത്, അല്ലെങ്കിൽ ഭീകരതയുടെ ഭാഗത്ത്" എന്ന് ജോർജ്ജ് ബുഷ് പറയുമ്പോൾ "വേണ്ട, നന്ദി" എന്ന് നമുക്ക് മറുപടി പറയാം. കടിലനായ മിക്കിമൗസിനും ഭ്രാന്തൻ മുല്ലമാർക്കും ഇടയിലുള്ള തെരഞ്ഞെടുപ്പ് ലോകത്തിന് വേണ്ട എന്ന് നമുക്കയാളെ അറിയിക്കാവുന്നതാണ്.

സാമ്രാജ്യത്തത്തെ നേരിടുക എന്നതല്ല അതിനെ വളയുക എന്നതായിരിക്കട്ടെ നമ്മുടെ തന്ത്രം. അതിനെ നാടുകടത്തുക, പരിഹസിക്കുക. നമ്മുടെ കല കൊണ്ട്, സംഗീതം കൊണ്ട്, സാഹിത്യം കൊണ്ട്, നമ്മുടെ ആഹ്ലാദം കൊണ്ട്, ബുദ്ധിശക്തി കൊണ്ട്, കഥകൾ പറയാനുള്ള നമ്മുടെ കഴിവ് കൊണ്ട് നാമതിനെ ചുറ്റിവളയുക.

അവർ വിൽക്കാൻ വച്ചിരിക്കുന്ന, അവരുടെ ആശയങ്ങൾ, ചരിത്രത്തെക്കുറിച്ചുള്ള അവരുടെ വ്യാഖ്യാനങ്ങൾ, അവരുടെ യുദ്ധങ്ങൾ, അവരുടെ ആയുധങ്ങൾ, അനിവാര്യതയെക്കുറിച്ചുള്ള അവരുടെ സങ്കല്പം- ഇവയെല്ലാം വില കൊടുത്ത് മേടിക്കാൻ നാം കൂട്ടാക്കുന്നില്ല എങ്കിൽ കോർപ്പറേറ്റ് വിപ്ലവം പരാജയപ്പെടുകയേ ഉള്ളൂ. ഓർമ്മിക്കുക- അവർ കുറച്ച് പേരേയുള്ളൂ, നാം വളരെയേറെപ്പേരുണ്ട്. അവരെ നമുക്കാവശ്യമുള്ളതിനേക്കാൾ അവർക്ക് നമ്മളെ ആവശ്യമാണ്. മറ്റൊരു ലോകം സാദ്ധ്യമാണെന്ന് മാത്രമല്ല, അവൾ പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ശാന്തമായ ഒരു ദിനത്തിൽ അവളുടെ ശ്വാസോച്ഛ്വാസം എനിക്ക് കേൾക്കാനാകുന്നുണ്ട്.

(വിവർത്തനം: ഐ. ഷണ്മുഖദാസ്)